**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല -കണ്ണൂർ നഗരസഭ - കണ്ണൂർ -2 വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം - കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കണ്ണൂർ നഗരസഭ സെക്രട്ടറിയുടെ 06/02/2021 ലെ ഇ 3/ബിഎ/275/19-20 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 26/02/2021- ലെ TCPKNR/158/2021-C നമ്പർ കത്ത്.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/573/2021/D3 തീയതി:**23/03/2021**

---

കണ്ണൂർ ജില്ലയിലെ കണ്ണൂർ നഗരസഭ പരിധിയിലുള്ള കണ്ണൂർ 2 വില്ലേജിൽ റീ സർവ്വേ നമ്പർ 907/2-ൽ ഉൾപ്പെട്ട 743 ച.മി വിസ്തീർണമുള്ള പ്ലോട്ടിൽ 142.69 ച.മീ വിസ്തീർണ്ണമുള്ള (Sales Building-21.60m2, Toilet-4.09m2, Canopy-117.00m2) ഗണം I വിഭാഗത്തിൽപ്പെടുന്ന ഒരു പെട്രോളിയം റീടെയിൽ ഔട്ട്ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. തയ്യിൽ പൈക്കാട് ശരത്ത്, മാധവി, കക്കാട് റോഡ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കണ്ണൂർ നഗരസഭാ മാസ്റ്റർപ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/ അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ

മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. കെട്ടിടത്തിൽ വിഭാവനം ചെയ്ത ശൗചാലയ സംവിധാനങ്ങൾ പൊതു ജനങ്ങൾക്ക് കൂടി ഉപയോഗിക്കാവുന്ന രീതിയിൽ ആണെന്ന് ഉറപ്പാക്കുക.
9. KMBR 2019 ചട്ടം 5(6)(2) പ്രകാരമുള്ള സ്ക്രൂട്ടിനി ഫീസ് അടച്ച് ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ഇക്കാര്യം ഉറപ്പാക്കിയ ശേഷം മാത്രമേ ജില്ലാ ടൗൺ പ്ലാനർ ലേ- ഔട്ട് അംഗീകാരം നൽകാൻ പാടുള്ളു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ- ഔട്ട് /നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺപ്ലാനർ, കണ്ണൂർ
പകർപ്പ്:-

1. ശ്രീ. തയ്യിൽ പൈക്കാട് ശരത്ത്, മാധവി, കക്കാട് റോഡ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ
2. സെക്രട്ടറി, കണ്ണൂർ നഗരസഭ
3. വെബ് സൈറ്റ് 4.കരുതൽ ഫയൽ 5.അധികം

Sr23032021